Ref: 3113/K-5/KCBC/OL/DS 13.7.2018

# ജസ്റ്റീസ് സൺഡേ (നീതി ഞായർ) 2018
# ആഗസ്റ്റ് 19, ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരെ,

ക്രൈസ്തവവിശ്വാസം സ്വീകരിച്ച ദലിത് സമൂഹത്തോടുള്ള നമ്മുടെ സ്നേഹവും കൂട്ടായ്മയും ശക്തിപ്പെടുത്താനും അവർ നേരിടുന്ന സാമൂഹിക അനീതിക്കെതിരേ ഭാരതമനഃസാക്ഷിയെ ഉണർത്താനും ലക്ഷ്യമിട്ടുകൊണ്ട് ഭാരതകത്തോലിക്കാമെത്രാൻ സമിതി 1986 മുതൽ സ്വാതന്ത്ര്യ ദിനത്തിനുശേഷമുള്ള ഞായറാഴ്ച നീതിഞായറായി ആചരിക്കുകയാണല്ലോ. എല്ലാ പൗരന്മാർക്കും തുല്യനീതിയും സമത്വവും ഉറപ്പാക്കുന്ന മതേതര ജനാധിപത്യരാഷ്ട്രമാണ് ഭാരതം. നമ്മുടെ രാജ്യത്തിന്റെ മഹത്ത്വത്തിനടിസ്ഥാനമായ ഭരണഘടനയാണല്ലോ ഈ രാജ്യത്തെ എല്ലാവരെയും ഒന്നിച്ചുനിറുത്തുന്നത്. എന്നാൽ 1950-ൽ ഇന്ത്യൻ പ്രസിഡന്റ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഉത്തരവു പ്രകാരം ക്രൈസ്തവരായ ദലിത് സഹോദരങ്ങളെ സംവരണാനുകൂല്യങ്ങൾ ലഭിക്കുന്ന പട്ടികയിൽനിന്നും ഒഴിവാക്കി. മതവിവേചനം പാടില്ലെന്ന നമ്മുടെ ഭരണഘടനയുടെ നിലപാടിന് കടകവിരുദ്ധമായിരുന്നു ഈ ഉത്തരവ്. ഈ ഉത്തരവ് റദ്ദാക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ നിലവിളി നാളിതുവരെ ഉത്തരവാദിത്വപ്പെട്ടവർ കണ്ടില്ലെന്ന് നടിച്ചുകൊണ്ടിരിക്കുന്നു. ഭാരത കത്തോലിക്കാമെത്രാൻസമിതി ഈ വിഷയം കാലാകാലങ്ങളിലുള്ള ഭരണാധികാരികളുടെ അടിയന്തിരശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ നിയമമാർഗങ്ങളിലൂടെ ഈ അവകാശം പുനഃസ്ഥാപിക്കാനുള്ള മാർഗങ്ങൾക്കായി കോടതിയിലൂടെയുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ ദലിത് സഹോദരങ്ങൾക്ക് നീതി ഉറപ്പാക്കാനുള്ള സഭയുടെ ശ്രമങ്ങളിൽ എല്ലാവരുടെയും സഹകരണവും പിന്തുണയും പ്രാർഥനയും സഹായങ്ങളും ഉണ്ടാവണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഭാരതകത്തോലിക്കാ മെത്രാൻസമിതി 2016-ൽ പുറപ്പെടുവിച്ച ദലിത് ശക്തീകരണനയം ഭാരതത്തിലെ ദലിത് ക്രൈസ്തവരെ സംബന്ധിച്ച മാഗ്നകാർട്ട തന്നെയാണ്. ഈ ദലിത് ശക്തീകരണനയപരിപാടികൾ നടപ്പിലാക്കാനുള്ള പദ്ധതികൾ കേരള കത്തോലിക്കാമെത്രാൻ സമിതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ദലിത് ക്രൈസ്തവരുടെ ആത്മീയവും ഭൗതികവുമായ ഉന്നമനം നേടിയെടുക്കാനും അവരെ മുഖ്യധാരയിൽ കൂട്ടിച്ചേർത്ത് കത്തോലിക്കാസമൂഹം ഒരു കൂട്ടായ്മയെന്ന നിലയിൽ ജീവിക്കാനുമുള്ള സാഹചര്യം നാം ഒരുക്കണം. കൂടാതെ, സാമ്പത്തിക പരിമിതികൾ അനുഭവിക്കുന്നവർക്ക് പാർപ്പിടം ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികളും നടപ്പിലാക്കുവാനായിട്ടുണ്ട്. ഇതിൻപ്രകാരം സി.എം.ഐ സന്യാസസമൂഹത്തിന്റെ പ്രധാനസഹായത്തോടുകൂടിയും സന്മനസ്സുള്ള സന്യാസസമൂഹങ്ങളുടെയും വ്യക്തികളുടെയും സംഘടനകളുടെയും രൂപതകളുടെയും സാമ്പത്തികസഹായം വഴിയും 300 ഭവനങ്ങൾക്കായുള്ള പദ്ധതികൾ പൂർത്തിയായി വരുന്നു. ദലിത് കത്തോലിക്കാ കുട്ടികൾക്ക് പഠനസഹായം എന്ന നിലയിൽ സ്കോളർഷിപ്പുകളും ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴി നല്കിക്കൊണ്ടിരിക്കുന്നു. ദലിത് ശക്തീകരണ ക്ഷേമപദ്ധതികൾക്ക് വലിയ സാമ്പത്തിക ആവശ്യവും ഉണ്ടായിരിക്കുന്നു. അതുകൊണ്ട് നീതി ഞായർ ദിനത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും സ്തോത്രക്കാഴ്ച ശേഖരിച്ച് ദലിത് ശക്തീകരണ സംരംഭങ്ങളിൽ എല്ലാവരെയും പങ്കാളികളാക്കണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. നമ്മുടെ ദലിത് സഹോദരങ്ങൾ അനുഭവിക്കുന്ന നീതിനിഷേധത്തിന്റെ മുറിവുകൾ ഉണക്കാൻ നമ്മുടെ അകമഴിഞ്ഞ പിന്തുണയും സഹായവും അവർക്ക് ഉറപ്പാക്കാം.

നീതിക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം സർവവിധ നന്മകളും നല്കി അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാവരെയും ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ്  മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

N.B: 2018 ആഗസ്റ്റ് 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.